"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്തുവകുപ്പ് - മലപ്പുറം ജില്ല നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിൽ 'കുട്ടപ്പാടി പാലത്തിന്റെ നിർമ്മാണം' [construction of Koottappadi bridge] പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാരത്തുക - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്തു (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.826/2026/PWD തിരുവനന്തപുരം, തീയതി,30-07-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം.396/2015/PWD തീയതി 12-03-2015
2. സ.ഉ(സാധാ)നം.171/2018/PWD തീയതി 30-01-2018
3. സ.ഉ(സാധാ)നം.2097/2018/RD തീയതി 04-06-2018
4. സ.ഉ(സാധാ)നം.1661/2025/RD തീയതി 09-07-2025
5. ശ്രീ ജോസ് തോമസ് മുതൽ പേർ ചേർന്ന് ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ) നം.6898/2025 - ന്മേലുള്ള ബഹു ഹൈക്കോടതിയുടെ 09-06-2025-ലെ വിധിന്യായം
6. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 27-10-2025 - ലെ CEPWD/5689/2024-AB3-BR നമ്പർ കത്ത്.
7. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 19-12-2025, 21-03-2026, 15-05-2026, 06-06-2026, 30-06-2026 തീയതികളിലെ CEPWD/23294/2025-FR10-PWD നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ല നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിൽ കുട്ടപ്പാടി പാലത്തിന്റെ നിർമ്മാണത്തിനായി [construction of Koottappadi bridge] NABARD Tranche XX - ൽ ഉൾപ്പെടുത്തി ₹800 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പദ്ധതിക്ക് തുടക്കത്തിൽ ആവശ്യമായി വന്ന 0.0994 ഹെക്ടർ ഭൂമി ഡയറക്ട്/നെഗോഷിയേറ്റഡ് പർച്ചെയിസ് ആയി ഏറ്റെടുക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതിയും, പരാമർശം (3) പ്രകാരം പ്രസ്തുത ഭൂമി വാങ്ങുന്നതിനു അനുമതിയും നൽകി. 0.0607 ഹെക്ടർ ഭൂമി കൂടി പ്രവൃത്തിക്ക് അധികമായി വേണമെന്ന് കണ്ടതിനാൽ പരാമർശം (4) പ്രകാരം ആകെ 0.1601 ഹെക്ടർ ഭൂമി [ 0.0994 + 0.0607 ] ഏറ്റെടുക്കുന്നതിന് പുതുക്കിയ അനുമതിയും നൽകി.

2. പാലം നിർമ്മാണ പ്രവൃത്തിക്കായി ഭൂമി വിട്ടു നൽകിയ ഭൂവുടമസ്ഥർക്ക് നഷ്ടപരിഹാരം ലഭിച്ചില്ല എന്ന് ചൂണ്ടിക്കാട്ടി ശ്രീ ജോസ് തോമസ് മുതൽ പേർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ (സിവിൽ) നം.6898/2025 ഫയൽ ചെയ്യുകയുണ്ടായി. ടി പെറ്റീഷൻ പരിഗണിച്ച ബഹു ഹൈക്കോടതി, ഏറ്റെടുത്ത ഭൂമിക്ക് എത്രയും വേഗം നഷ്ടപരിഹാരം ഫിക്സ് ചെയ്യുവാനും ആയത്

അനുവദിക്കുവാനും മലപ്പുറം ജില്ലാ കളക്ടർ, സ്പെഷ്യൽ തഹൽസീദാർ Land Acquisition (General), മലപ്പുറം എന്നിവർക്ക് നിർദ്ദേശം നൽകി പരാമർശം (5) വിധി പുറപ്പെടുവിക്കുകയുണ്ടായി.

3. പരാമർശം (1) ഭരണാനുമതി ഉത്തരവിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ, പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത ചുങ്കത്തറ വില്ലേജിലെ റീസർവ്വേ ബ്ലോക്ക് നമ്പർ 94 (റീസർവ്വേ 243/3, 243/6 ഒഴികെ) റീസർവ്വേ ബ്ലോക്ക് നമ്പർ 95 എന്നിവയിലെ വിവിധ റീസർവ്വേ നമ്പറിലെ ഭൂവുടമകൾ മുൻകൂർ ആയി വിട്ടു നൽകിയ 0.1296 ഹെക്ടർ ഭൂമി ഏറ്റെടുക്കലിനായി 31-12-2025 വരെയുള്ള പലിശ കണക്കാക്കി ₹47,21,821/- രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി ഭരണാനുമതിക്കായി പരാമർശം (6) കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ശിപാർശയ്ക്ക് തുടർച്ചയായി, 30-04-2026 വരെയുള്ള പലിശ കണക്കാക്കി ₹51,53,255.47/- രൂപയുടെയും, 30-09-2026 വരെയുള്ള പലിശ കണക്കാക്കി ₹53,00,235/- രൂപയുടെയും ഭരണാനുമതി ശിപാർശകൾ യഥാക്രമം 19-12-2025, 15-05-2026 തീയതികളിലെ പരാമർശം (7) കത്തുകൾ പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ല നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിൽ 'കൂട്ടപ്പാടി പാലത്തിന്റെ നിർമ്മാണം' [construction of Koottappadi bridge] പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാരത്തുകയായി ₹51,53,255/- (അമ്പത്തിയൊന്ന് ലക്ഷത്തി അമ്പത്തിമൂവായിരത്തി ഇരുന്നൂറ്റി അമ്പത്തിയഞ്ച് മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-00-PC — Payment of Compensation for Land Acquisition എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനോദ് വി ആർ
അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് ), തിരുവനന്തപുരം.
ധന (Ind & PW -C) വകുപ്പ് (23-07-2026 - ലെ 3459358/INPWC2/45/2026-FIN പ്രകാരം ).
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ് (പ്രസിദ്ധീകരണത്തിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh M R
Date: 30-07-2026
10:20:09

സെക്ഷൻ ഓഫീസർ